# PROCEEDINGS OF
# THE KERALA LEGISLATIVE ASSEMBLY

**Second Session—1969**

*Monday, the 4th August 1969.*

**Vol. XXV] OFFICIAL REPORT [No. 1**

The Assembly met in the Assembly Chamber, Trivandrum at Eight of the clock on Monday, the 4th August 1969 with Mr. Speaker in the Chair.

## I. OATH OR AFFIRMATION BY MEMBERS

മി. സ്പീക്കർ: ആർഡർ, ആർഡർ. ആദ്യമായി, മലപ്പുറം നിയോജകമണ്ഡലത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ശ്രീ. സി. അഹമ്മദുകുട്ടിയും, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽനിന്നു് തിരഞ്ഞെടുക്കപ്പെട്ട ശ്രീ. വി. ശ്രീധരനും സത്യപ്രതിജ്ഞ ചെയ്യുന്നതാണു്.

Shri C. Ahamedkutty (Malappuram Constituency) took oath and Shri V. Sreedharan (Attingal Constituency) made affirmation and signed the register of members.

## II. OBITUARY REFERENCE

മി. സ്പീക്കർ: ആർഡർ, ആർഡർ. ബഹുമാനപ്പെട്ട സഭാംഗങ്ങളേ, ഇൻഡ്യയുടെ രാഷ്ട്രപതിയായിരുന്ന ഡാക്ടർ സക്കീർ ഹുസൈന്റെയും ഈ സഭയിൽ നമ്മുടെ സഹപ്രവർത്തകനായിരുന്ന ശ്രീ. കെ. കുഞ്ഞാലിയുടെയും, സ്വാതന്ത്ര്യസമരകാലത്തെ ഒരു പ്രമുഖസേനാനിയും, തിരു-കൊച്ചി മുഖ്യമന്ത്രിയുമായിരുന്ന ശ്രീ. സി. കേശവന്റെയും വേദനിപ്പിക്കുന്ന വേർപാടുകളുടെ സ്മരണ തങ്ങിനിൽക്കുന്ന ദുഃഖകരമായ ഒരന്തരീക്ഷത്തിലാണു് നാം ഇന്നിവിടെ സമ്മേളിച്ചിരിക്കുന്നതു്.

പനിനീർപ്പൂവിന്റെ പരിശുദ്ധിയും നൈർമ്മല്യവുമായി രാഷ്ട്രീയത്തിലേക്കു് കടന്നുവന്ന ഡാക്ടർ സക്കീർ ഹുസൈൻ, നിസ്വാർത്ഥവും, നിസ്തുലവുമായ ജനസേവനത്തിന്റെ പരിമളം പരത്തിയശേഷം കഥാവശേഷനായിത്തീർന്നിരിക്കുകയാണു്. വിദ്യാഭ്യാസ മണ്ഡലത്തിൽ, ക്ലേശഭൂയിഷ്ഠമായ സാഹചര്യങ്ങളിൽ ത്യാഗസമ്പന്നമായ സേവനംകൊണ്ടു് മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചതിനു ശേഷമാണു്, ഇൻഡ്യയുടെ ഭരണസാരഥ്യം വഹിക്കുന്നതിനായി അദ്ദേഹം നിയുക്തനായതു്. അതുല്യമായ വ്യക്തിപ്രഭാവവും വിശാല ഹൃദയത്വവുംകൊണ്ടു് ജനകോടികളുടെ സ്നേഹാദരങ്ങളും ആർജ്ജിക്കുന്നതിനു് അദ്ദേഹത്തിനു് എളുപ്പത്തിൽതന്നെ കഴിഞ്ഞു. രാജ്യസഭയുടെ അദ്ധ്യക്ഷനെന്നുള്ളനിലയിൽ അദ്ദേഹത്തിന്റെ അന്തസ്സുറ്റതും കുലീനവുമായ പെരുമാറ്റവും, സ്വാഭാവികമായി സഭാംഗങ്ങളിൽ അതുളവാക്കിയ പ്രതികരണവും പാർലമെന്ററിന്റെ ചരിത്രത്തിലെ സുവർണ്ണാദ്ധ്യായമായി പിൽക്കാല തലമുറകൾക്കു് പ്രചോദനം നൽകിക്കൊണ്ടു് എന്നെന്നും നിലനിൽക്കുകതന്നെചെയ്യും.



LIBRARY ARCHIVES Kerala Legislative Assembly

പണ്ഡിതനായ ഒരു ഗ്രന്ഥകാരൻ, പ്രഗൽഭനായ ഒരു വാഗ്മി, പരിണത പ്രജ്ഞനായ ഒരു ദേശനേതൃജ്ഞൻ എന്നീ നിലകളിൽ അദ്ദേഹം ഏവർക്കും സുപരിചിതനായിരുന്നു. രാഷ്ട്രീയത്തിന്റെ അതിപ്രസരം അദ്ദേഹത്തിന്റെ സാമൂഹികവും മാനസികവുമായ പ്രവർത്തനങ്ങളെ ഒരുതരത്തിലും ബാധിച്ചിരുന്നില്ല. മാത്രമല്ല, ഭാരതത്തിന്റെ വിശാലമായ തൽപര്യങ്ങളെ പരിപോഷിപ്പിക്കത്തക്കരീതിയിൽ പ്രാചീനതയുടെ ചൈതന്യം ഉൾക്കൊള്ളുന്നതും, ആധുനികതയുടെ പ്രായോഗികത്വം അംഗീകരിക്കുന്നതുമായ അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ പ്രധാന ശില്പിയും അദ്ദേഹമായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത അദ്ദേഹം, ഹിന്ദു-മുസ്ലീം മൈത്രിയുടെ പ്രതീകമായിരുന്നു. പ്രശാന്തതയുടെയും ഗാംഭീര്യത്തിന്റെയും പ്രതിബിംബമായി പരിലസിച്ചിരുന്ന അദ്ദേഹം, കാറുംകോളും നിറഞ്ഞ കാലഘട്ടത്തിൽ നമുക്കേവർക്കും ഒരു ആശാസങ്കേതമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം നമ്മുടെ രാഷ്ട്രത്തിനു നേരിട്ട അപരിഹാര്യമായ ഒരു നഷ്ടംതന്നെയാണ്.

ശ്രീ. കുഞ്ഞാലിയുടെ മാരുണമായ വേർപാടു് ഒരു ഞെട്ടലോടുകൂടി മാത്രമാണു് നാമെല്ലാം അറിഞ്ഞതു്. തന്റേടവും ചുറുചുറുക്കുമുള്ള ഒരു രാഷ്ട്രീയ പ്രവർത്തകൻ; മിതഭാഷിയെങ്കിലും സമോനടപടികളിൽ സജീവമായി പങ്കെടുത്തിട്ടുള്ള ആദർശനിഷ്ഠയുള്ള ഒരു നിയമസഭാ സമാജികൻ, സംഘടനാശേഷിയുള്ള ഒരു തൊഴിലാളി നേതാവു് എന്നീ നിലകളിൽ യുവതലമുറയ്ക്കു ആവേശം പകർന്നിരുന്ന ഒരു പ്രിയംകരനായിരുന്ന ഒരു സുഹൃത്തിനെയാണു് ഈ വേർപാടുമൂലം നമുക്കു നഷ്ടപ്പെട്ടിരിക്കുന്നതു്. ദീർഘമായ ജയിൽ ജീവിതമോ, തുടരെത്തുടരെയുണ്ടായ മർദ്ദനങ്ങളോ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ഒരുതരത്തിലും ഉലയ്ക്കുന്നതിനോ, പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനോ ഇടയാക്കിയിട്ടില്ല. അസംഘടിതരായിരുന്ന കർഷകത്തൊഴിലാളികളെസംഘടിപ്പിച്ചു് അവർക്കു് ധീരമായ നേതൃത്വം നൽകിയ അദ്ദേഹം അനീതിയെ അതിനിശിതമായി എതിർത്തിരുന്നു. യാതനാനിർഭരമാണു് തൊഴിലാളിപ്രവർത്തനമെന്ന അറിയാമായിരുന്നിട്ടും അദ്ദേഹം അചഞ്ചലമായി ആ രംഗത്തുതന്നെ നിൽക്കുകയും; അവകാശങ്ങൾക്കുവേണ്ടി നിരന്തരമായി പോരാടുകയും ചെയ്തിരുന്നു. ശ്രീ. കുഞ്ഞാലിയുടെ അകാലചരമത്തിനു് ഇടയാക്കിയ സാഹചര്യങ്ങളും നമ്മെ ഓരോരുത്തരെയും ലജ്ജിപ്പിക്കേണ്ടതും ഇരുത്തി ചിന്തിപ്പിക്കേണ്ടതുമാണു്. രാഷ്ട്രീയമായ അഭിപ്രായ ഭിന്നതകൾമൂലം ഒരു ജനപ്രതിനിധിയുടെ ജീവൻ നഷ്ടപ്പെടാൻ ഇടയായതു് കേരളത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാണെന്നതോന്നുന്നു. ഇതു് ഒടുവിലത്തേതും ആയിരിക്കട്ടേ എന്നു പ്രാർത്ഥിക്കുന്നതിൽ കവിഞ്ഞു് ഒന്നുംതന്നെ പറയാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

ശ്രീ. കുഞ്ഞാലിയുടെ അകാലത്തിലുള്ള വേർപാടുമൂലം വിധവയായിത്തീർന്ന സഹധർമ്മിണിക്കും, അദ്ദേഹത്തിന്റെ പിഞ്ചു കുഞ്ഞുങ്ങൾക്കും ഏല്പിച്ച ആഘാതം എത്രയേറെയും മാരുണവുമാണു്. ആ കണ്ണുനീരിൽ നമുക്കും പങ്കുചേരാം.

കഴിഞ്ഞ അരനൂറ്റാണ്ടിലധികം കാലമായി കേരളത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ രംഗങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച മഹാനായ ഒരു മനുഷ്യസ്നേഹിയെയാണു് ശ്രീ. സി. കേശവന്റെ നിര്യാണംമൂലം നമുക്കു നഷ്ടപ്പെട്ടിരിക്കുന്നതു്. കേവലമായ സാമൂഹികനീതിക്കുവേണ്ടി ആഹ്വാനം ചെയ്തുകൊണ്ടു്, ഒരു കൊടുംകാറ്റുപോലെ രംഗത്തുവന്ന അദ്ദേഹം, രാജവാഴ്ചയേയും സേച്ഛാധികാരത്തെയും അതിനിശിതമായി എതിർക്കുന്ന ഒരു രാഷ്ട്രീയ നേതാവായി മാറുകയാണു ചെയ്തതു്. ദീർഘകാലമായി അടിമത്തത്തിൽ അമർന്നു് ശ്വാസംമുട്ടിക്കഴിഞ്ഞിരുന്ന ഒരു ജനസമൂഹത്തിനു് സമരാവേശം പകർന്നുകൊടുത്തു അനീതിക്കും ആക്രമത്തിനും എതിരായി അണിനിരക്കാൻ അദ്ദേഹം നടത്തിയ ഐതിഹാസികമായ പരിശ്രമവും അതിന്റെ വിജയകരമായ പരിസമാപ്തിയും വികാരവായ്പോടുകൂടി മാത്രമേ നമുക്കു സ്മരിക്കാൻ കഴിയൂ. ഒരു വ്യാഴവട്ടക്കാലത്തിനശേഷവും ധീരതയുടെയും അചഞ്ചല

LIBRARY ARCHIVES Kerala Legislative Assembly

മായ നിശ്ചയദാർഢ്യത്തിന്റെയും ത്യാഗോജ്ജ്വലമായ കഥകളും ഓർക്കുമ്പോൾ ഇന്നും ഏതൊരു രാജ്യസ്നേഹിയുടെയും സിരാപടലം ത്രസിച്ചുപോകും. അത്യുജ്വലനായ ഒരു വാഗ്മി, മികച്ച ഒരു സാഹിത്യകാരൻ, സത്യസന്ധനായ ഒരു ഭരണാധികാരി, സർവ്വോപരി മഹാനായ ഒരു മനുഷ്യസ്നേഹി എന്നീ നിലകളിൽ അദ്ദേഹം ജനലക്ഷങ്ങളുടെ ആരാധനാപാത്രമായിരുന്നു. ശ്രീ. സി. കേശവനു തുല്യനായി ശ്രീ. സി. കേശവനല്ലാതെ മറ്റാരും ഉണ്ടായിരുന്നില്ല; ഇനി ഉണ്ടാകുകയുമില്ല. ആ വ്യക്തിത്വം അനന്യസുലഭമാണ്, അനുകരണീയവും; ആദർശധീരനായ അദ്ദേഹത്തിന്റെ വേർപാടുമൂലം കേരളത്തിന്റെ സാമൂഹികരാഷ്ട്രീയ ജീവിതത്തിൽ ഉണ്ടായിരിക്കുന്ന വിടവു് ഇനിയൊരിക്കലും നികത്തപ്പെടുകയില്ല.

ഡാക്ടർ സക്കീർ ഹുസൈൻ, ശ്രീ. കെ. കുഞ്ഞാലി, ശ്രീ. സി. കേശവൻ എന്നിവരുടെ നിര്യാണത്തിലുള്ള അഗാധമായ ഖേദം രേഖപ്പെടുത്തുന്നതോടൊപ്പം ബഹുമാനപ്പെട്ട സഭാംഗങ്ങൾക്കു അതിൽ പങ്കുചേരാനുള്ള അവസരം നൽകുകയും ചെയ്യുന്നു.

<u>ശ്രീ. ജോസഫ് ചാഴിക്കാടൻ</u>: സർ, ഒരു പോയിന്റ് അഫ് ആർഡർ. ഈ നിയമസഭയിലെ ഒരു മുൻമെമ്പറായിരുന്ന പ്രൊഫസർ വി. ജെ. ജോസഫ് ജൂലൈ 25—ാം തീയതി മരണമടഞ്ഞവിവരം എല്ലാ പത്രങ്ങളിലും റിപ്പോർട്ട് ചെയ്തിരുന്നതാണു്. അദ്ദേഹം മൂവാറ്റുപുഴനിന്നു തിരഞ്ഞെടുക്കപ്പെട്ട മെമ്പറായിരുന്നു. അദ്ദേഹത്തിന്റെ ചരമത്തെപ്പറ്റിയും ഈയവസരത്തിൽ അനുസ്മരിക്കേണ്ടതായിരുന്നു.

<u>മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്)</u>: സർ, അന്തരിച്ചുപോയ ഈ മൂന്നു ബഹുമാന്യ നേതാക്കളുടെ ദേഹവിയോഗം നിമിത്തം അങ്ങേയ്ക്കുള്ള വ്യസനം പ്രകടിപ്പിച്ചുകൊണ്ടു അങ്ങു പറഞ്ഞ വാക്കുകളോടു ഈ സഭ മുഴുവനും യോജിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അതിൽ കൂടുതലായി വളരെയൊന്നും പറയണമെന്നു ഞാൻ കരുതുന്നില്ല. ഡാക്ടർ സക്കീർ ഹുസൈൻ അങ്ങു പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ ജീവിതകാലം ആകെ വിദ്യാഭ്യാസ രംഗത്തു പ്രവർത്തിച്ചു അതിൽ കൂടി നിശബ്ദമായി രാജ്യസേവനം നടത്തിയ ഒരു മഹാനാണു്. മഹാത്മാഗാന്ധിജി അദ്ദേഹത്തിന്റെ സഹായത്തോടെ അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കുകയും ആ കാര്യങ്ങളും പൊതുജനങ്ങളെ അറിയിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ അദ്ദേഹത്തെപ്പറ്റി ജനങ്ങളും അറിയുമായിരുന്നുവോ എന്നതുതന്നെ സംശയമാണു്. അത്ര നിശബ്ദമായും നിസ്സ്വാർത്ഥമായും തന്റെ പ്രവർത്തന രംഗത്തു കഴിച്ചുകൂട്ടുകയായിരുന്നു ഡാ. സക്കീർഹുസൈൻ. അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചതിൽ പിന്നെ അതിനെ തുടർന്നു ദേശീയ ജീവിതത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനം അംഗീകരിച്ചതിന്റെ ഫലമായിട്ടാണു് അദ്ദേഹം നമ്മുടെ രാജ്യത്തെ ഏറ്റവും ഉയർന്ന സ്ഥാനത്തു എത്തിയതു്. ആ ഉന്നത സ്ഥാനത്തു അദ്ദേഹം എത്തിയതിനു ശേഷം പോലും അദ്ദേഹം തന്റെ എളിയ ജീവിതവും ആദർശവും തുടരുന്നതിനു അങ്ങേയറ്റം ശ്രമിച്ചിരുന്നു. അവസാനമായി അദ്ദേഹത്തെ ഞാൻ കണ്ട അവസരത്തിൽ അദ്ദേഹം ഉൽക്കണ്ഠ പ്രകടിപ്പിച്ചിരുന്നതു രണ്ടു കാര്യങ്ങളിലാണു്. ഒന്നു് വാസ്തവത്തിൽ അധികാരസ്ഥാനത്തു എത്തിയിരുന്നവർ കാര്യമായി എന്തെങ്കിലും ചെയ്യുന്നതിനു കാണിക്കുന്ന വൈമുഖ്യം. രണ്ടു, അടുത്ത കാലത്തു വിദ്യാഭ്യാസ രംഗത്തു വന്നിട്ടുള്ള കുഴപ്പങ്ങളും അതിന്റെ ഫലമായിട്ടു വിദ്യാർത്ഥികളിലും വളർന്നു വരുന്ന തലമുറയിലും വിജ്ഞാനത്തിന്റെ നിലവാരം താണുപോയതു്. ഈ രണ്ടു കാര്യങ്ങളാണു് അദ്ദേഹത്തെ സങ്കടപ്പെടുത്തിയിരുന്നതു്. ഈ രണ്ടു കാര്യങ്ങളെക്കുറിച്ചാണു് അവസാനമായി ഞാൻ കണ്ട സമയത്തു അദ്ദേഹം സംസാരിച്ചതു്. ഇതിൽ നിന്നും ഒന്നു വ്യക്തമായിട്ടു മനസ്സിലാക്കുവാൻ കഴിയും; അദ്ദേഹം ഏറ്റവും ഉയർന്ന യൂണിയൻ പ്രസിഡൻറിന്റെസ്ഥാനത്തു എത്തിയതിൽ പിന്നീടും പഴയകാലത്തെ പോലെ നിശബ്ദമായും നിസ്സ്വാർത്ഥമായും നാടിനെ സേവിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുവേണ്ടി ജീവിതം ഉഴിഞ്ഞു വച്ചിരുന്നുവെന്നും. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ നമുക്കെല്ലാവർക്കും ഉള്ള സങ്കടം പ്രകടിപ്പിക്കുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ശവസംസ്ക്കാര കർമ്മാവസരത്തിൽ ഡൽഹി മുതൽ ഓഖല വരെയുള്ള ദൂരം ആളുകളും തടിച്ചുകൂടി അദ്ദേഹത്തിന്റെ ദേഹ വിയോഗത്തിലുള്ള വ്യസനം രേഖപ്പെടുത്തിയ സംഭവം നാം ഓർക്കുന്നുണ്ട്. ഇൻഡ്യയ്ക്കു ആകെയുണ്ടായ ഒരു നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാട്. അതിൽ നമ്മളും പങ്കുചേരുകയാണും.

ബഹുമാനപ്പെട്ട കുഞ്ഞാലിയുടെ അകാല നിര്യാണത്തിൽ നമുക്കുള്ള ഖേദം പ്രകടിപ്പിക്കുന്ന അവസരത്തിൽ അതു അദ്ദേഹത്തിന്റെ ദേഹവിയോഗം മാത്രമല്ല, ഈ നാട്ടിലെ രാഷ്ട്രീയ ജീവിതത്തിൽ വന്നുകൊണ്ടിരിക്കുന്ന ആപത്തിന്റെ സൂചനയാണ് എന്നു അങ്ങു പറഞ്ഞതിനോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. ആ ആപത്തു് വളരാതിരിക്കുന്നതിനും വളർന്നു വന്നിട്ടുള്ളതെല്ലാം മുളയിൽതന്നെ നുള്ളി കളയുന്നതിനും ഈ സഭക്കകത്തും പുറത്തും ഉള്ള ജനാധിപത്യ വാദികൾ ഉറ്റു ശ്രമിക്കുമെന്നു നമുക്കു ആശിക്കാം.

അന്തരിച്ചുപോയ ശ്രീ. സി. കേശവനെക്കുറിച്ചു പറയുമ്പോൾ അദ്ദേഹത്തിന്റെ ബഹുമുഖ കഴിവുകളെക്കുറിച്ചാണ് പറയുവാനുള്ളതു്. എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായി തോന്നിയതു് പഴയ തിരുവിതാംകൂറിലെ രാഷ്ട്രീയജീവിതത്തിൽ ഒരു പുതിയ വഴിത്തിരിവു ഉണ്ടാക്കുന്നതിനു ഏറ്റവും അധികം പ്രവർത്തിച്ച പ്രഗത്ഭന്മാരായ രാഷ്ട്രീയ നേതാക്കന്മാരിൽ ഒരു പ്രധാനി എന്നാണും. പഴയ തിരുവിതാംകൂർ പ്രദേശത്തെ വിവിധ ജാതിക്കാരും വിവിധ മത വിഭാഗക്കാരും ആയിട്ടുള്ള തമ്മിൽ തമ്മിലുള്ള മത്സരങ്ങളും വികാരങ്ങളും, ഒരു അതിർത്തിവരെ വന്നിട്ടുള്ള ഭീഷണിപ്പാലും നേരിട്ടു സ്വരാധിപത്യത്തിനെതിരായി പ്രവർത്തിച്ച ജനാധിപത്യത്തിനുവേണ്ടിയുള്ള ഒരു പ്രസ്ഥാനം വളർത്തിയെടുക്കുന്നതിൽ ശ്രീ. സി. കേശവൻ വഹിച്ചിട്ടുള്ള പങ്കു് അനന്യ സാധാരണമാണു്. അതിനെ തുടർന്നാണു് അദ്ദേഹം തിരുവിതാംകൂർ പ്രദേശത്തു മാത്രമല്ല, കേരളത്തിലാകെയുള്ള ഒരു നേതാവായി വളർന്നു വന്നിട്ടുള്ളതു്. അദ്ദേഹത്തിന്റെ നിര്യാണത്തിലും നമുക്കുള്ള ഖേദം പ്രകടിപ്പിക്കാം. ഈ മുന്നുപേരുടെയും ദേഹവിയോഗത്തിൽ നമുക്കുള്ള ഖേദം പ്രകടിപ്പിച്ചു നമുക്ക അവരോടുള്ള ബഹുമാനം പ്രകടിപ്പിക്കുന്നതോടൊപ്പം അതിന്റെ സൂചനയായി ഈ ചരമോപചാര പ്രകടനത്തിനു ശേഷം ഇന്നത്തെ സഭാനടപടികളും നിറുത്തി വയ്ക്കുന്നതും നന്നായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുകയാണും.

ശ്രീ. കെ. കരുണാകരൻ : സർ, സ്മരണീയനായ രാഷ്ട്രപതി ഡാ. സക്കീർഹുസൈന്റെയും ഈ സംസ്ഥാനത്തെ മുൻ മുഖ്യമന്ത്രി ശ്രീ. സി. കേശവന്റെയും ഈ സഭയിലെ ഒരു അംഗമായിരുന്ന ശ്രീ. കുഞ്ഞാലിയുടേയും നിര്യാണത്തെക്കുറിച്ചു അങ്ങും സഭാനേതാവും പ്രകടിപ്പിച്ച വികാരങ്ങളോടു ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണും. ഡാ. സക്കീർ സാഹിബ്ബ് നമ്മുടെ പൊതു ജീവിതത്തിൽ മാതൃകാപരമായി പ്രവർത്തിച്ച മഹാനായ ഒരു നേതാവാണും. മഹാത്മാഗാന്ധി വിദ്യാഭ്യാസ രംഗത്തു വരുത്തണമെന്നുദ്ദേശിച്ച പരിഷ്ക്കാരങ്ങളെക്കുറിച്ചുള്ള ആശയങ്ങൾക്കു രൂപം നൽകുകയും അവ നടപ്പിലാക്കുന്നതിനു ശ്രമിക്കുകയും ചെയ്ത ഒരു മഹാനാണു് അദ്ദേഹം. മതേതരത്വത്തിൽ വിശ്വസിച്ചിരുന്ന സർവ്വ സമുദായ മൈത്രിക്കുവേണ്ടി പ്രവർത്തിച്ച ഒരു മാതൃകാ പുരുഷനായിരുന്ന അദ്ദേഹം. തികഞ്ഞ മതവിശ്വാസിയായിരുന്ന അതേസമയത്തിൽ എല്ലാ മതങ്ങളെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്ത ഒരാളായിരുന്ന അദ്ദേഹം. അങ്ങനെയുള്ള മഹാനായ ഒരു നേതാവിന്റെ വേർപാടു് വേദനാജനകമാണു്. ഡാക്ടർ സാഹേബ്ബിനെപ്പോലെ മഹാനായ ഒരു നേതാവിന്റെ വേർപാടുകൊണ്ടുള്ള വിടവു നികത്താൻ സാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കഞ്ഞാലിയുടെ വേർപാടിനെ സംബന്ധിച്ച് അങ്ങു പറഞ്ഞ അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. ഈ സംഭവം ആദ്യത്തേതും അവസാനത്തേതും ആയിരിക്കട്ടെ എന്നു ഞാനും പ്രാർത്ഥിക്കുന്നു.

ഇവിടെയുണ്ടായിട്ടുള്ള മുഖ്യമന്ത്രിമാരിൽ ശ്രീ. സി. കേശവൻ പൊതുജീവിതത്തിലും ഭരണകാര്യത്തിലും മാതൃകാപരമായി പ്രവർത്തിച്ചിട്ടുള്ള ഒരു നേതാവായിരുന്നു. അദ്ദേഹം കോൺഗ്രസ്സിന്റെ നേതാവായിരുന്നുവെങ്കിലും, അദ്ദേഹത്തെ എല്ലാ വിഭാഗങ്ങളിലുംപെട്ട ആളുകളും ബഹുമാനിക്കുകയും, ആദരിക്കുകയും ചെയ്തിരുന്നു. ആ അർത്ഥത്തിൽ അദ്ദേഹം ജനനേതാവായിരുന്നു. അദ്ദേഹവുമായി വളരെയധികം അടുത്തു ഇടപഴകാൻ സാധിച്ചിട്ടുള്ള ഒരാളാണ് ഞാൻ. ശ്രീ. സി. കേശവനെപ്പറ്റി അങ്ങു പറഞ്ഞ എല്ലാ കാര്യങ്ങളും അക്ഷരംപ്രതി ശരിയാണ്. ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും, സത്യത്തിനും, ന്യായത്തിനും വേണ്ടി ധീരധീരം പോരാടിയ അദ്ദേഹം അധികാരത്തെക്കുറിച്ച് അധികമൊന്നും ആഗ്രഹിക്കുന്നില്ലെന്നു കാണാവുന്നതാണ്. തിരു-കൊച്ചിയുടെ മുഖ്യമന്ത്രിയാക്കുന്നതിനുവേണ്ടി അദ്ദേഹത്തെ ഒരു ഘട്ടത്തിൽ സമീപിച്ച എം. എൽ. എ. മാരിൽ ഒരാളായിരുന്നു ഞാൻ. അക്കാര്യം അദ്ദേഹത്തോട് പറഞ്ഞപ്പോഴും അദ്ദേഹം നിർവികാരനായി പറഞ്ഞത് ഞങ്ങളും ഞങ്ങളുടെ കടമ നിർവഹിച്ചു, ഇനി ഈ രാജ്യത്തെ അടുത്ത തലമുറയാണ് അതു നിർവഹിക്കേണ്ടത് എന്നാണ്. എങ്കിലും പുരോഗമനപരമായ ഒരു ഭരണം അന്നത്തെ തിരുകൊച്ചിയിലെ കോൺഗ്രസ്സുകാർ ആഗ്രഹിക്കുന്നുവെന്നും, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് അദ്ദേഹത്തിന്റെ നേതൃത്വം ആവശ്യമാണെന്നും പറഞ്ഞപ്പോഴും നേതൃത്വം ഏറ്റെടുക്കാൻ പല പ്രതികൂലമായ സാഹചര്യം ഉണ്ടായിരുന്നിട്ടുപോലും അവശത അനുഭവിക്കുന്ന ജനങ്ങളുടെ ആവശ്യം മുന്നോട്ടു വച്ചപ്പോഴും അതിനും യാതൊരു മടിയും കാണിച്ചില്ല. എല്ലാ വിഭാഗങ്ങളേയും യോജിപ്പിച്ചുകൊണ്ട് നല്ല വിധത്തിലും നിഷ്പക്ഷമായിട്ടും ഭരണം നടത്തികൊണ്ടുപോയിട്ടുള്ള നമ്മുടെ മുഖ്യമന്ത്രിമാരിൽ അപൂർവ്വം ചിലരിൽ ഒരാളാണ് ശ്രീ. സി. കേശവൻ. എല്ലാ രംഗങ്ങളിലും കർമ്മശേഷിയും, കർമ്മധീരതയും കാണിക്കുകയും, അവശത അനുഭവിക്കുന്നവരോട് അനുകമ്പയും, പൊതു ജീവിതത്തിൽ തികഞ്ഞ സത്യസന്ധതയും, മാതൃകാപരമായ പ്രവർത്തനവും നടത്തിയിട്ടുള്ള ഒരാളാണ് ശ്രീ. സി. കേശവൻ. നമ്മുടെ രാഷ്ട്രത്തിനു നഷ്ടപ്പെട്ടിട്ടുള്ള മുന്നു വ്യക്തികളുടേയും അകാലചരമത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തിക്കൊള്ളുന്നു.

<u>ശ്രീ. കെ. എം. ജോർജ്ജ്</u> : സർ, ബഹുമാനപ്പെട്ട അങ്ങും സഭാനേതാവും, ശ്രീ. കരുണാകരനും അന്തരിച്ചുപോയ നേതാക്കന്മാരെ സംബന്ധിച്ച് ഇവിടെ പരാമർശിച്ച എല്ലാ കാര്യങ്ങളോടും ഞാനും എന്റെ പാർട്ടിയും പരിപൂർണ്ണമായി യോജിക്കുന്നു. ഡോ: സക്കീർഹുസൈന്റെ വേർപാട് തികച്ചും ആകസ്മികമാണ്. നമ്മുടെ രാഷ്ട്രത്തിനു അദ്ദേഹത്തിന്റെ വേർപാടുമൂലം ഒരു ഉത്തമ സന്താനത്തെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം രണ്ടു ദശവൽസരം കഴിഞ്ഞു ഒരു പ്രത്യേക വഴിത്തിരിവിൽ ചെന്നെത്തിയ ഈ സന്ദർഭത്തിൽ ഡോ: സക്കീർഹുസൈന്റെ നിര്യാണംമൂലം ഒരു നേതാവുകൂടി നമുക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ സംബന്ധിച്ചും സ്വഭാവനൈർമ്മല്യത്തെ സംബന്ധിച്ചും നമുക്കെല്ലാവർക്കും എത്രത്തോളം മതിപ്പുണ്ടെന്നുള്ളത് പരസ്യമായി കഴിഞ്ഞിട്ടുള്ളതാണ്. രാഷ്ട്രീയനേതാക്കന്മാർക്ക് ഉണ്ടായിരിക്കേണ്ട എല്ലാ ഗുണങ്ങളും ഒത്തിണങ്ങിയ ഒരു നേതാവായിരുന്നു ഡോ: സക്കീർഹുസൈൻ. അദ്ദേഹത്തിന്റെ നേതൃത്വം എല്ലാവിധത്തിലും ആവശ്യമായി വന്ന കാലത്താണ് അദ്ദേഹം നമ്മെ വിട്ടുപോയത്. അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ എല്ലാക്കാലവും ഭാരതചരിത്രത്തിൽ നിലകൊള്ളുകതന്നെ ചെയ്യും.

ഒരു ഉജ്ജ്വലപ്രതിഭാസമായിരുന്ന ശ്രീ. സി. കേശവൻ, അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി അറിഞ്ഞുകൂടാത്ത കേരളീയർ ആരുംതന്നെ ഉണ്ടായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ ഒരു സമരസേനാനിക്കൂടിയായിരുന്നു. അദ്ദേഹം അധികാരത്തിൽ ഇരിക്കുമ്പോഴും, പ്രക്ഷോഭണം നയിച്ചപ്പോഴും, മറെറല്ലാ കാലഘട്ടങ്ങളിലും തന്നെ ഒരു സമരസേനാനിയായി പ്രവർത്തിച്ചിരുന്നതായി കാണാം. അദ്ദേഹം ജന്മനാ ഒരു സേനാനിയും, ഒരു യോദ്ധാവും ആയിരുന്നു. അദ്ദേഹത്തിന്റെ മനസ്സാക്ഷിയനുസരിച്ച് സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും ജീവിതത്തിൽ സമൂലമായി വരുത്തേണ്ട മാറ്റങ്ങളെന്തെന്നു് അദ്ദേഹത്തിനു് തോന്നുകയാണെങ്കിൽ, ആരുടേയും അഭിപ്രായവും കണക്കിലെടുക്കാതെ, അതിന്റെ വരുംവരായ്കകളെക്കുറിച്ചു് ചിന്തിക്കാതെ പരസ്യമായി വെട്ടിത്തുറന്നു പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിനു് മുമ്പും പിമ്പും നോട്ടമില്ലായിരുന്നുവെന്നു പറയുന്നതിലും തെറ്റില്ല. ഒരു ഉജ്ജ്വലപ്രതിഭാസമായിരുന്ന ശ്രീ. സി. കേശവനെക്കുറിച്ചു ഓർക്കുമ്പോഴും തിരുവിതാംകൂറിലെ ത്രിമൂർത്തികളെയാണു് ഓർമ്മ വരുന്നതു്. ശ്രീ. പട്ടം താണുപിള്ള, ശ്രീ. സി. കേശവൻ, ശ്രീ. ടി. എം. വർഗ്ഗീസ് എന്നീ മൂന്നു് നേതാക്കന്മാരെയാണു് തിരുവിതാംകൂറിൽ ത്രിമൂർത്തികളെന്നു വിളിച്ചിരുന്നതും ആരാധിച്ചിരുന്നതും. ശ്രീ. സി. കേശവൻ വളരെക്കാലമായി രോഗബാധിതനായി കിടക്കുകയായിരുന്നു. അദ്ദേഹത്തെ രോഗശയ്യയിൽ പെന്നു കണ്ടിട്ടുള്ളവരെല്ലാംതന്നെ കരഞ്ഞുപോയിട്ടുണ്ടു്. ഈ രാജ്യത്തെ സ്നേഹിച്ചിട്ടുള്ളവരിൽ ഒരാളാണു് അദ്ദേഹം. അദ്ദേഹത്തിന്റെ നിര്യാണംമൂലം നമ്മുടെ രാജ്യത്തിനു് നികത്താനാവാത്ത ഒരു വിടവുണ്ടാക്കിയിട്ടുണ്ടു്.

ഈ നിയമസഭയിലെ ഒരു ബഹുമാന്യ അംഗമായ ശ്രീ. കുഞ്ഞാലിയുടെ അകാല മരണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു്, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംക്ഷിപ്തമായി പരാമർശിച്ച കാര്യങ്ങളും വളരെയധികം വേദനയോടുകൂടി ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ശ്രീ. കുഞ്ഞാലിയെ തിരുകൊച്ചി രോഗത്തുള്ള ഞങ്ങളെപ്പോലുള്ളവർക്കു് പരിചയപ്പെടാൻ കഴിഞ്ഞതു് ഈ നിയമസഭയിൽ വെച്ചാണു്. അദ്ദേഹം ഊർജ്ജസ്വലനും കഴിവുള്ളവനുമായ ഒരു ചെറുപ്പക്കാരനായിരുന്നു. കേരളചരിത്രത്തിൽ ഒരു കാലത്തും ഉണ്ടായിട്ടില്ലാത്ത ഒരു സാഹചര്യത്തിലാണു് ശ്രീ. കുഞ്ഞാലി ഭൂതിപ്പെട്ടിട്ടുള്ളതു് എന്നുള്ള കാര്യം എല്ലാവരും ചിന്തിക്കേണ്ടതാണു്. ശ്രീ. കുഞ്ഞാലിയുടെ നിര്യാണം ഒഴിവാക്കാനാകാത്ത ഒന്നായിരുന്നുവെന്നു് ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ രാജ്യത്തു് നിയമസമാധാനം നടത്തുമെന്നുള്ള ബോദ്ധ്യം ജനങ്ങളിൽ ഉണ്ടായിരുന്നുവെങ്കിൽ ശ്രീ. കുഞ്ഞാലി നമ്മിൽ നിന്നു് അകന്നു പോകുമായിരുന്നില്ല. എന്തു് അവസരത്തിലായിരുന്നാലും മരണകക്ഷിയെന്നോ പ്രതിപക്ഷകക്ഷികളെന്നോ ഉള്ള വ്യത്യാസം കൂടാതെ നിയമസമാധാനം പാലിക്കുന്നതിനു ബാദ്ധ്യസ്ഥരായവർ പ്രവർത്തിക്കുമെന്നുള്ള സാഹചര്യം ഉണ്ടായിരുന്നുവെങ്കിൽ ശ്രീ. കുഞ്ഞാലി മരണപ്പെടുമായിരുന്നില്ല. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ കണ്ണുനീരിലാഴ്ത്തിയിട്ടുള്ളതിന്റെ ഉത്തരവാദിത്വം എവിടെയാണെന്നു് ഈ അവസരത്തിൽ പ്രത്യേകിച്ചു് പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളും തോക്കിന്റെ കുഴലിൽക്കൂടിയല്ല അവസാനിപ്പിക്കേണ്ടതു് എന്നു് കേരളനാട്ടിൽ അംഗീകരിച്ചിട്ടുള്ളതാണു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇത്തരത്തിലുള്ള സംഭവം ഇനി ആവർത്തിക്കപ്പെടാതിരിക്കട്ടെ എന്നു് ഞാൻ പ്രാർത്ഥിക്കുന്നു. മൺമറഞ്ഞ മൂന്നു നേതാക്കന്മാരുടേയും കുടുംബാംഗങ്ങളോടു് അനുശോചിക്കുന്നതോടൊപ്പം മൂന്നുപേരുടേയും ആത്മാവിനു് നിത്യശാന്തി നേർന്നുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) : സർ, ഈ മൂന്നു നേതാക്കന്മാരുടേയും ചരമത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു് സഭാനേതാവും, അങ്ങും പ്രകടിപ്പിച്ച വികാരങ്ങളോടു് ഞാനും എന്റെ പാർട്ടിയും പരിപൂർണ്ണമായി യോജിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ സക്കീർഹുസൈൻ ഏറ്റവും നിസ്വാർത്ഥനായ ഒരു നേതാവെന്ന നിലയിൽ അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ കണ്ടിരുന്ന വിനയശീലവും, രാഷ്ട്രീയ പ്രതിയോഗികളോട് അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള സ്നേഹവും സഹിഷ്ണതയും ആലോചിച്ചു നോക്കുമ്പോൾ അദ്ദേഹത്തിന്റെ നിര്യാണം രാഷ്ട്രത്തിനു് ഏറ്റവും തീരാത്ത നഷ്ടമാണു് ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ അദ്ദേഹം കടന്നുവന്നപ്പോഴും നമ്മുടെ പ്രസ്ഥാനത്തിനുണ്ടായിട്ടുള്ള ഗുണാത്മകമായ വ്യത്യാസം ഞാൻ ഇപ്പോഴും ഓർക്കുന്നു. മൗലാനാ ഷൗക്കത്താലി, മഹമ്മദാലി എന്നിവരെപ്പോലെ വളരെയധികം അനുയായികളോടുകൂടി രാഷ്ട്രീയ ജീവിതത്തിൽ കടന്നുവന്ന ഒരാളല്ല അദ്ദേഹം. സക്കീർസാഹിബ്, മൗലാനാ അബ്ദുൽകലാം ആസാദുമൊക്കെപ്പോലെ നമ്മുടെ പ്രസ്ഥാനത്തിൽ വരുമ്പോൾ വളരെ അനുയായികളോടുകൂടി, പ്രസ്ഥാനത്തിന്റെ ഊക്കു് വർദ്ധിപ്പിക്കത്തക്കവണ്ണമുള്ള ഒരു സമീപന സഹകരണമല്ലായിരുന്നു അവർക്കുണ്ടായിരുന്നതു്. നമ്മുടെ പ്രസ്ഥാനം എല്ലാവിധ വീക്ഷണങ്ങളും അടങ്ങുന്നതും, ആരാലും ആദരിക്കപ്പെട്ടിരുന്നതും, ആക്രമം എതിർക്കാൻ സാദ്ധ്യമല്ലാത്തതുമായ പ്രസ്ഥാനമായിരുന്നു. സക്കീർ സാഹിബിന്റേയും അതുപോലുള്ള പണ്ഡിതന്മാരുടേയും സഹകരണമായിരുന്നു അതിനുള്ള കാരണമെന്നും നാം ഓർക്കണം.

അതുപോലെ തന്നെ, ശ്രീ. സി. കേശവൻ ഒരു കൊടുങ്കാറ്റുപോലെയാണു് നമ്മുടെ രാഷ്ട്രീയ ജീവിതത്തിൽ കടന്നു വന്നതു്. ഇവിടെ സൂചിപ്പിച്ചതുപോലെ, നമ്മുടെ രാഷ്ട്രീയ ജീവിതത്തിൽ ഒരു പ്രത്യേക വഴിത്തിരിവു്, അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തോടുകൂടി ഉണ്ടായിരിക്കുന്നു എന്നുള്ളതിൽ യാതൊരു സംശയവുമില്ല. സമുദായത്തിന്റെയും രാഷ്ട്രത്തിന്റേയും പുരോഗതിക്കു് ഏറ്റവും തടസ്സമായി നിൽക്കുന്ന അന്ധവിശ്വാസങ്ങളേയും ദുരാചാരങ്ങളേയും, ഏറ്റവും ക്ലേശകരമായി ഇന്നത്തെ യുവതലമുറയുടെപോലും മാർഗ്ഗനിർദ്ദേശം നൽകത്തക്കവണ്ണം, അതിനെതിരായി പോരാടിയ അദ്ദേഹത്തിന്റെ ചരമം തീർച്ചയായും നമ്മുടെ രാജ്യത്തിന്റെ പൊതുജീവിതത്തിനു് വലിയ നഷ്ടമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. വ്യക്തിപരമായിപ്പോലും അദ്ദേഹത്തിന്റെ നഷ്ടം ഞാൻ വളരെ വേദനയോടുകൂടിയാണു് ഓർക്കുന്നതു്. വളരെയധികം രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളും ഞങ്ങളും തമ്മിൽ ഉണ്ടായിരുന്നെങ്കിൽത്തന്നെയും, ഏതവസരത്തിലും ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ സ്നേഹപൂർവ്വം എന്റെ പ്രവർത്തനത്തേയും എന്റെ പാർട്ടിയുടെ പ്രവർത്തനത്തേയും വിമർശിക്കുകയും, അതേയവസരത്തിൽ പരോക്ഷമായി പ്രോൽസാഹിപ്പിക്കുകയും ചെയ്തിരുന്ന ഒരു വ്യക്തിയെന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ നിര്യാണം എനിക്കു് വ്യക്തിപരമായ ഒരു നഷ്ടംകൂടിയാണെന്നു ഞാൻ കരുതുന്നു.

ശ്രീ. കുഞ്ഞാലിയുടെ ആത്മാർത്ഥതയും സത്യസന്ധതയും ആക്രമം നിഷേധിക്കാൻ പാടില്ലാത്തതാണു്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിക്കുന്ന ഈ സന്ദർഭത്തിൽ അങ്ങും സഭാനേതാവും ചൂണ്ടിക്കാണിച്ച ആ ആപത്തു് ഏറ്റവും ഗൗരവത്തോടുകൂടി പൊതുപ്രവർത്തകർ മനസ്സിലാക്കണമെന്നും, ഇത്തരം സംഭവങ്ങൾ ആദ്യത്തേതും അവസാനത്തേതുമായിത്തീരുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കേണ്ടതാണെന്നുമുള്ള പ്രതിജ്ഞകൂടി ഈ അവസരത്തിൽ എടുക്കണമെന്നും എനിക്കു് വിനീതമായ അഭ്യർത്ഥനയുണ്ടു്.

ഈ മൂന്നു നേതാക്കന്മാരുടേയും ചരമത്തിൽ ഈ സഭയിൽ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും എന്റെ പാർട്ടിയും ഞാനും പരിപൂർണ്ണമായി യോജിക്കുന്നു.

ജലസേചനവും സഹകരണവുംമന്ത്രി (ശ്രീ. പി. രാമുണ്ണിമേനോൻ): അടുത്ത കാലത്തു് നമുക്കു് വളരെ വേദനയോടുകൂടി കേൾക്കാൻ സാധിച്ച മൂന്നു മാന്യന്മാരുടെ ചരമമാണു് നമ്മുടെ മുൻപിൽ ഇന്നു അനുശോചനത്തിനു് വിഷയീഭവിച്ചിട്ടുള്ളതു്. അങ്ങും സഭാനേതാവും മറ്റു അംഗങ്ങളും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോടു്

LIBRARY ARCHIVES Kerala Legislative Assembly

ഞാനും എന്റെ പാർട്ടിയും പൂർണ്ണമായി യോജിക്കുകയാണു്. മഹാനായ ഡാക്ടർ സക്കീർഹുസൈൻ ഒരു രാഷ്ട്രപതിക്കു് ഉണ്ടാകേണ്ടുന്ന ഗുണങ്ങളും നിഷ്പക്ഷതാ ബോധവും തികഞ്ഞ ഒരു വ്യക്തിയായിരുന്നു എന്നുള്ളതു് ആരും ഒരേ അഭിപ്രായത്തോടുകൂടി സമ്മതിക്കുന്ന ഒരു പരമാർത്ഥമാണു്. അദ്ദേഹത്തിന്റെ ചരമത്തോടുകൂടി നിഷ്പക്ഷനായ ഒരു രാഷ്ട്രപതി എന്നതിനു പുറമേ ഏറ്റവും ഉയർന്ന ഒരു മാതൃകാ പുരുഷൻ നമ്മിൽ നിന്നു വിട്ടുപോയിരിക്കുകയാണു്. അദ്ദേഹത്തിന്റെ ചരമത്തിൽ ഭാരതത്തിലെ മുഴുവൻ ജനവിഭാഗങ്ങളോടൊപ്പം നമ്മുടേയും അനുശോചനം രേഖപ്പെടുത്താം.

ശ്രീ. സി. കേശവൻ ഒരു രാഷ്ട്രീയ നേതാവിനു് സർവ്വോപരി ഉണ്ടാകേണ്ട പ്രതിപക്ഷ ബഹുമാനം ഉറപ്പിക്കാൻ കഴിഞ്ഞിരുന്ന ഒരു നേതാവായിരുന്നു എന്നുള്ളതു് സത്യം മാത്രമാണു്. രാഷ്ട്രീയ കക്ഷികളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു് രാഷ്ട്രീയ ശക്തികൾക്കു് അതീതമായി സാമൂഹ്യസേവനം ചെയ്യാൻ സാധിക്കുമോ എന്നതു് ഇന്നും പരിശോധനയ്ക്കു് വിഷയീഭവിച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തുതയാണു്. അതിൽ ഏറെക്കുറെ വിജയിക്കാൻ കഴിഞ്ഞ രാഷ്ട്രീയ നേതാക്കന്മാർ കഴിഞ്ഞുകാല ചരിത്രത്തിൽ എത്രത്തോളമുണ്ടെന്നു പരിശോധിക്കുമ്പോൾ ശ്രീ. സി. കേശവന്റെ നാമധേയം ആരുടേയും മനസിൽ ഉയർന്നുവരുമെന്നുള്ളതു് ഒരു പരമാർത്ഥമാണു്. അങ്ങനെ പ്രതിപക്ഷ ബഹുമാനത്തെ ശക്തിയായി കയ്യിൽവച്ചുകൊണ്ടു് സ്വന്തം കക്ഷിയുടെ താൽപ്പര്യത്തിനു് അനുഗുണമായി ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരുന്ന, ജനസാമാന്യത്തിനാകമാനം ഗുണം നൽകാവുന്ന സാമൂഹ്യസേവനത്തിന്റെ ഉച്ചകോടിയിൽ എത്തിയിരുന്ന മഹാനായ ഒരു നേതാവാണു് ശ്രീ. സി. കേശവന്റെ നിര്യാണത്തോടുകൂടി കേരളത്തിനു് നഷ്ടപ്പെട്ടിട്ടുള്ളതു്.

ശ്രീ. കുഞ്ഞാലി കർമ്മധീരനായ ഒരു തൊഴിലാളി നേതാവാണു്. ഒരു തൊഴിലാളി നേതാവിനു് ഉണ്ടാകേണ്ടുന്ന ധൈര്യവും ശേഷിയും അദ്ദേഹത്തിനുണ്ടായിരുന്നു എന്നതു് അദ്ദേഹത്തിന്റെനേരേ രാഷ്ട്രീയ പ്രതിയോഗികൾ കാണിച്ച എന്നു പറയപ്പെടുന്ന സംഭവം തന്നെ സാക്ഷ്യം വഹിക്കുന്നു. ഇത്തരം സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകുക എന്നുള്ളതു് ജനാധിപത്യത്തിന്റെ മുന്നേറ്റത്തിനു് അപകടകരമാണു്. ആ നിലയിൽ കേരളത്തിലെ ജനങ്ങൾ ഇത്തരം പ്രശ്നങ്ങൾക്കെതിരായ ഒരു സമീപനം സ്വീകരിക്കുമെന്നു് നമുക്കു് ഇനിയെങ്കിലും ആശിക്കാം.

ഈ മൂന്നു നേതാക്കന്മാരുടേയും ചരമത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ): സർ, അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും ഈ സഭയിലെ വിവിധകക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച അഭിപ്രായങ്ങളോടു് എനിക്കു് വളരെയൊന്നും കൂട്ടിച്ചേർക്കാനില്ല. ഭാരതം എന്റെ വേനമാണു്, ഭാരതത്തിലെ ജനങ്ങൾ എന്റെ കുടുംബവുമാണു് എന്ന പ്രഖ്യാപിക്കുകവഴി നമ്മുടെ രാഷ്ട്രത്തിന്റെ അടിസ്ഥാന ലക്ഷ്യമായ ഭൗതികതലം ഊന്നി പ്രസ്താവിച്ച ഡാക്ടർ സാക്കിർഹുസൈന്റെ സേവനം ഈ രാഷ്ട്രത്തിനു് എന്നത്തേക്കാളും ഏറെ ആവശ്യമായ ഒരു കാലഘട്ടത്തിൽ അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു എന്നുള്ളതു് വളരെ വേദനയുണ്ടാക്കുന്ന ഒരു സംഗതിയാണു്. ഇൻഡ്യയിലെ ദേശീയ വിദ്യാഭ്യാസ പദ്ധതിക്കു് അടിത്തറ പാകിയ ഒരാളെന്ന നിലയിൽ, തന്റെ ജീവിത സർവ്വസ്വമായിരുന്ന ജാമിയാ മില്ലിയ്യാ ഇസ്ലാമിയായുടെ സ്ഥാപകൻ, അലീഗർ മുസ്ലീം സർവ്വകലാശാലയുടെ പ്രാപ്തനായ വൈസ് ചാൻസലർ, അനേകം വിദ്യാഭ്യാസ പദ്ധതികളുടെ ആസൂത്രകൻ എന്ന വിവിധ നിലകളിൽ ഇൻഡ്യയിലെ വിദ്യാഭ്യാസ രംഗത്തു് ഡാക്ടർ സാക്കിർഹുസൈൻ മായാത്ത കാൽപ്പാടുകൾ പതിപ്പിച്ചിട്ടുണ്ടു്. ഏറ്റവും ഉന്നതമായ പദവിയിൽ ഇരിക്കുമ്പോഴും ഏറ്റവും വിനീതനായിട്ടാണു് അദ്ദേഹത്തെ കാണാൻ കഴിഞ്ഞിട്ടുള്ളതു്. ഏറ്റവും എളിയ വേലക്കാരനോടുപോലും

LIBRARY ARCHIVES Kerala Legislative Assembly

വിനയപൂർവ്വമേ അദ്ദേഹം പെരുമാറുകയുണ്ടായിട്ടുള്ള ഡാക്ടർ സാക്കീർഹുസൈന്റെ നിസ്വാർത്ഥതയും നിഷ്കൃഷ്ടമായ നിഷ്പക്ഷതയും രാഷ്ട്രീയമണ്ഡലത്തിൽ കടന്നു വരാനും പ്രവർത്തിക്കാനും ആഗ്രഹിക്കുന്നവർക്ക് എന്നുമെന്നും ഒരു മാതൃകയുമെന്നാണ് എന്റെ അഭിപ്രായം.

ഇവിടെ പരാമർശിക്കപ്പെട്ട നേതാക്കന്മാരിൽ എനിക്ക് നേരിട്ട് അധികം പരിചയപ്പെടാൻ ഭാഗ്യമുണ്ടായിട്ടില്ലാത്ത ഒരാളാണ് ശ്രീ. സി. കേശവൻ. കേരളത്തിലെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ എഴുതേണ്ട ഒരു അദ്ധ്യായമാണ് അദ്ദേഹത്തിന്റെ ജീവിതചരിത്രമെന്നുള്ളതുകൊണ്ട് അദ്ദേഹത്തെപ്പറ്റി ഞാൻ വായിച്ചും കേട്ടും അറിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ, നാട്ടുരാജ്യങ്ങളും പിന്നണിയിലായിരുന്ന ഒരവസരത്തിൽ അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. രാഷ്ട്രീയ പ്രവർത്തനം ഒരു പട്ടുമെത്തയല്ലാതിരുന്ന കാലഘട്ടത്തിൽ, സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രവർത്തനം കാരാഗൃഹത്തിന്റെ കരിരുമ്പഴികളും മാത്രം വാഗ്ദത്തം ചെയ്തിരുന്ന ഒരു കാലഘട്ടത്തിൽ ആവേശപൂർവ്വം അദ്ദേഹം നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി. അനീതിക്കും അന്ധവിശ്വാസത്തിനും എതിരായി അദ്ദേഹം പടപൊരുതി. അവശജനവിഭാഗങ്ങൾക്കുവേണ്ടി എല്ലാ പ്രതികൂല ശക്തികൾക്കുമെതിരായി അദ്ദേഹം പൊരുതി. കേരളത്തിലെ പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഒരിക്കലും അദ്ദേഹത്തിന്റെ പേരു വിസ്മരിക്കാൻ സാധിക്കുകയില്ല.

അപലപനീയമായ ഒരു അനിഷ്ടസംഭവത്തെത്തുടർന്നു് അകാല മരണമടഞ്ഞ ശ്രീ. കുഞ്ഞാലിയുടെ വിരഹം വേദനാജനകമാണ്. ചെറുപ്പക്കാരനായിരുന്ന അദ്ദേഹം പൊതുജനങ്ങൾക്കുവേണ്ടി അദ്ദേഹം വിശ്വസിച്ചിരുന്ന ആദർശമനുസരിച്ച് വളരെ ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് നമ്മെ വിട്ടുപിരിയേണ്ടിവന്നതു്. ഈ ചരമംമൂലം ഈ സഭയ്ക്കു് കാര്യമായ ഒരു നഷ്ടമാണ് സംഭവിച്ചതു്. ഈ സഭയുടെ വികാരങ്ങളും അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തെ അറിയിച്ചു് അവരുടെ ദുഃഖത്തിനു് അൽപ്പമെങ്കിലും ആശ്വാസമുണ്ടാക്കുന്നതു നമ്മുടെ പ്രഥമകർത്തവ്യമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഈ സഭയ്ക്കുള്ള ദുഃഖം രേഖപ്പെടുത്തുന്നതോടൊപ്പം രാഷ്ട്രീയവൈരനിര്യാതനത്തിനു് വെടിയുണ്ട വിനിയോഗിക്കുന്ന സംപ്രദായത്തിനെതിരായുള്ള ധാർമ്മികരോഷം എല്ലാ ഭാഗത്തു നിന്നും പ്രകടിപ്പിക്കപ്പെട്ട കാര്യത്തിൽ എനിക്കു് പ്രത്യേകമായ ആശ്വാസമുണ്ടു്. അങ്ങു് പറഞ്ഞതുപോലെ ഈമാതിരിയുള്ള സംഭവങ്ങളിൽ അവസാനത്തെ സംഭവമായിരിക്കട്ടെ ഇതു്.

ഈ മൂന്നു നേതാക്കന്മാരുടെയും നിര്യാണത്തിൽ ഈ സഭയിൽ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

മരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) : സർ, നമ്മുടെ മുന്നു മഹാനേതാക്കന്മാരുടെ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു് സഭാനേതാവും, വിവിധകക്ഷികളിൽപ്പെട്ട നേതാക്കന്മാരും പ്രകടിപ്പിച്ച വികാരങ്ങളോടു ഞാനും എന്റെ കക്ഷിയും യോജിക്കുന്നു. ഡാക്ടർ സക്കീർ ഹുസൈൻ ഇൻഡ്യയുടെ മതേതര സ്വഭാവത്തിന്റെ പ്രതീകമായിരുന്നു. ഇൻഡ്യൻ സംസ്കാരത്തിന്റെ മുന്നണിയിൽ അദ്ദേഹം ശോഭിച്ചിരുന്നു എന്നു് എല്ലാവരും സമ്മതിക്കുന്ന കാര്യമാണു്. ഇൻഡ്യയുടെ ഏറ്റവും ഉന്നതമായ സ്ഥാനത്തേക്കു് അദ്ദേഹത്തിനു് എത്താൻ കഴിഞ്ഞു എന്നുള്ളതു് ഒരു പരമാർത്ഥമാണു്. ഇൻഡ്യയുടെ ചരിത്രത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനം പ്രത്യേകം തെളിയിക്കേണ്ടതില്ലല്ലോ. നമ്മുടെ പ്രായത്തലമുറയിൽ അദ്ദേഹം ഉജ്ജ്വല പ്രതിഭാസമുള്ള നേതാവായിരുന്നു.

ശ്രീമാൻ സി. കേശവൻ തിരുവിതാംകൂറിൽ ആരംഭിച്ച സാമൂഹ്യപരിവർത്തന ശ്രമങ്ങളും അന്ധവിശ്വാസവും അനാചാരങ്ങളും ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി



LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളെല്ലാം നമ്മുടെ ദേശീയ സമരത്തിനുവേണ്ടി യുള്ള പശ്ചാത്തലമൊരുക്കി എന്നുള്ളതു് ഈ അവസരത്തിൽ നാം പ്രത്യേകം ഓർക്കേ ണ്ടതാണു്. ഇവിടെ നടമാടിയിരുന്ന സോഫ്രായിപത്യ ഭരണത്തിനും ദിവാൻ ഭരണത്തിനുമെതിരായി അദ്ദേഹം പല സമരങ്ങളിലും പങ്കെടുത്തിട്ടുണ്ടു്. വളരെ യധികം സാമുദായിക സ്പർദ്ധ ഉണ്ടായിരുന്ന കാലത്താണു് അദ്ദേഹം ദേശീയ പ്രസ്ഥാനം ആരംഭിച്ചതു്. അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗങ്ങളും പ്രവർത്തനങ്ങളു മെല്ലാം ദേശീയപ്രസ്ഥാനത്തിലേക്കു ജനങ്ങളെ കൂടുതൽ ആകർഷിച്ചിട്ടുണ്ടു്. അങ്ങനെരാഷ്ട്രീയത്തിലേക്കു വന്നിട്ടുള്ള ഒരാളാണു് ഞാൻ. അദ്ദേഹത്തിനു ണ്ടായിരുന്ന ഒരു പ്രത്യേകത രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസത്തിനുപരിയായി വ്യക്തി സ്നേഹവും ബന്ധവും പുലർത്താനുള്ള അസാധാരണമായ കഴിവായിരുന്നു. നമ്മുടെ രാഷ്ട്രീയ നേതാക്കന്മാരിൽ പലപ്പോഴും കണ്ടിട്ടില്ലാത്ത ഒരു പ്രത്യേക തയാണിതു്. അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ കുഞ്ഞാലിയുടെ മരണത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളോടു് പൂർണ്ണമായി യോജിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിനി ടയാക്കിയ സാഹചര്യം തീർച്ചയായും ഈ നാട്ടിലെ രാഷ്ട്രീയ പ്രബുദ്ധരെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണെന്നമാത്രമേ എനിക്കിപ്പോൾ പറയാനുള്ളു. ഒരു കുഞ്ഞാലിയുടെ ജീവിതം നഷ്ടപ്പെടുത്തിക്കൊണ്ടു് ഒന്നും നേടാൻ കഴിയുകയില്ലെന്നു് തെളിയി ക്കുന്ന ചരിത്രം നമ്മുടെ മുമ്പിലുണ്ടു്. ഏതായിരുന്നാലും അഭിപ്രായവ്യത്യാസങ്ങളെ മാറ്റിവച്ചുകൊണ്ടു് ഇല്ലായ്മ ചെയ്യുന്നതിനുള്ള പ്രവണത അവസാനിപ്പിക്കാൻ ഈ സംഭവം നമ്മുടെ കണ്ണുതുറപ്പിക്കുമെന്നുമാത്രമേ ഇപ്പോൾ എനിക്കു പറയാനുള്ളു. അന്തരിച്ച മുന്നുമഹാന്മാരുടെയും ദേഹവിയോഗത്തിൽ എനിക്കും എന്റെ പാർട്ടിക്കു മുള്ള അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ആരോഗ്യമന്ത്രി (ശ്രീ ബി. വെല്ലിംഗ്ടൺ) : സർ, ഇൻഡ്യൻ പ്രസിഡൻറായി രുന്ന ഡാക്ടർ സക്കീർ ഹുസൈന്റെയും മുൻ തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. കേശവന്റെയും, ഈ സഭയിലെ അംഗമായിരുന്ന സഖാവു് കുഞ്ഞാലി യുടെയും ദേഹവിയോഗത്തിൽ അങ്ങും സഭാനേതാവും മറ്റംഗങ്ങളും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും എന്റെ കക്ഷിയും യോജിക്കുകയും ഞങ്ങൾക്കുള്ള അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീ. കെ. കെ. അബു : ഇവിടെ ബഹുമാനപ്പെട്ട സ്പീക്കറും സഭാ നേതാവും മറ്റംഗങ്ങളും പ്രകടിപ്പിച്ച വികാരങ്ങളോടു് ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു ഇൻഡ്യൻ പ്രസിഡൻറായിരുന്ന ഡാക്ടർ സാക്കീർ ഹുസൈനെ എനിക്കു് നേരിട്ടു് വലിയ പരിചയ മില്ലെങ്കിലും അദ്ദേഹത്തിനു് പല നല്ല ഗുണങ്ങളുമുണ്ടെന്നു് അദ്ദേഹത്തോടു് അടുത്തു പ്രവർത്തിച്ചിട്ടുള്ള എല്ലാവർക്കും അറിയാൻ കഴിഞ്ഞിട്ടുണ്ടു്. വാർദ്ധാ സ്കീമിന്റെ പുറകിൽ പ്രവർത്തിച്ച കൈകളും ഡാക്ടർ ഹുസൈന്റെ തായിരുന്നു എന്നു് എല്ലാവർക്കുമറിയാം. ഇൻഡ്യയിൽ അദ്ദേഹത്തിനുള്ള സ്ഥാന ത്തെപ്പറ്റി ഞാൻ കൂടുതലൊന്നും പറയുന്നില്ല.

അതുപോലെ ശ്രീ. കുഞ്ഞാലി ഈ സഭയിൽ ഈ സെഷനിൽ ഉണ്ടായിരിക്കു കയില്ലെന്നു് ആരും സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. അദ്ദേഹം മരണ പ്പെട്ട, അകാലനിര്യാണമടയുകയാണു് ചെയ്തതു്. നാഗപ്പൂരിലും, കോയമ്പത്തൂരും, ബാംഗ്ലൂരിലുമൊക്കെ പലപ്പോഴും ട്രേയ്ഡു യൂണിയൻ നേതാക്കന്മാരെ പരസ്പരം കൊല്ലുകയും മറ്റു പല കലാപങ്ങളും ഉണ്ടാവുകയും ചെയ്യാറുണ്ടു്. എന്നാൽ കേരള ത്തിൽ എല്ലാ കാര്യങ്ങളിലും നമുക്കൊരു മഹത്തായ കാഴ്ചപ്പാടും സംസ്കാരവുമെല്ലാം ഉള്ളതുപോലെ ഇക്കാര്യത്തിലും നാം ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലുള്ളവർക്കു് ഒരു മാതൃകയായിരുന്നു. വാദപ്രതിവാദങ്ങളും ചെറിയ സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ടെ കിലും ഈ രീതിയിലുള്ള ഒരു സംഭവം മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. വളരെയധികം ഖേദകരമായ ഒരു സംഭവമാണിതു്. ആരുടെയെങ്കിലും കൊള്ളരുതായ്മകൊണ്ടോ,

LIBRARY ARCHIVES Kerala Legislative Assembly

അശ്രദ്ധകൊണ്ടോ ആണു് സഖാവു് കുഞ്ഞാലി മരിച്ചതെന്നു ഞാൻ വിശ്വസിക്കുന്നില്ല. അമേരിക്കൻ പ്രസിഡൻറായിരുന്ന കെന്നഡിയെ തോക്കിൻറെ ഉണ്ടയിൽ നിന്നും രക്ഷിക്കാൻ ആർക്കും സാധിച്ചില്ല. രാഷ്ട്രപിതാവായ മഹാത്മജിയെരക്ഷിക്കാൻ ഡൽഹിയിലെ സക്കാരിനു സാധിച്ചില്ല. ഒരാളിനു കുഴപ്പമുണ്ടാവുമെന്നുവച്ചു് പട്ടാളത്തെ കൂടെ കൊണ്ടു നടന്നാലും സംഭവിക്കേണ്ടതു് സംഭവിക്കും, അതുകൊണ്ടുള്ള നഷ്ടം അവർ പിന്നീടു മനസ്സിലാക്കിക്കൊള്ളും. ഒരാളെ കൊല്ലാൻ സാധിക്കും. പക്ഷേ അയാളുടെ പ്രസ്ഥാനത്തെ, വിശ്വാസത്തെ നശിപ്പിക്കാൻ സാധിക്കുകയില്ല. സഖാവു് കുഞ്ഞാലി 10 വർഷം മുമ്പേ എൻറെ സ്നേഹിതനാണു്. അദ്ദേഹം വലിയൊരു പ്രസ്ഥാനം ഉണ്ടാക്കിയിട്ടുണ്ടു്. അദ്ദേഹം വിട്ടുപോയാലും അതു നിലനിൽക്കുകതന്നെ ചെയ്യും. കർഷകർക്കും തൊഴിലാളികൾക്കും അദ്ദേഹം ഇത്രയും ചെറുപ്പത്തിലേതന്നെ ധീരമായ നേതൃത്വം കൊടുത്തിട്ടുണ്ടു്. തല്ലിക്കൊന്നാലും അദ്ദേഹം മരിക്കില്ലെന്നതോന്നുന്ന ആരോഗ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഇതൊരു നിർഭാഗ്യകരമായ സംഭവമാണെന്നു് പലരും ഇവിടെ പറഞ്ഞു. അതു ശരിയാണു് ഈ രീതിയിൽ നമുക്കു മുന്നോട്ടു പോയിക്കൂടാ, സഖാവു് കുഞ്ഞാലിയുടെ മരണം എല്ലാവരും പറഞ്ഞതുപോലെ ഇതു് ആദ്യത്തേതും അവസാനത്തേതുമായിത്തീരട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുകയാണു്.

ശ്രീ. സി. കേശവൻ എനിക്കു് അത്രത്തോളം സുപരിചിതനല്ല. ശ്രീ. സി. എച്ചു്. മുഹമ്മദുകോയ പറഞ്ഞതുപോലെ എനിക്കു അദ്ദേഹത്തെ നേരിട്ടു പരിചയമില്ല. പക്ഷേഅദ്ദേഹത്തിൻറെ നിവർത്തനപ്രസ്ഥാനവും രാഷ്ട്രീയപ്രസ്ഥാനവും ഉൾപ്പെടെയുള്ള എല്ലാ രംഗങ്ങളെക്കുറിച്ചും കുറെയെറെ മനസ്സിലാക്കുവാനും പഠിക്കുവാനും എനിക്കു സാധിച്ചിട്ടുണ്ടു്. ആ കാലഘട്ടത്തിലെ ഒരു വലിയ വിപ്ലവകാരിയായിട്ടാണു് ഞാൻ അദ്ദേഹത്തെ കാണുന്നതു്. എന്നാൽ ഇന്നത്തേതുപോലെയുള്ള ഒരുദാരാസ്സ്ഥിയിൽ അദ്ദേഹത്തിനു് ഒരു വലിയ പ്രാധാന്യം ഉണ്ടാകുകയില്ലെങ്കിലും അദ്ദേഹത്തിൻറെ കാലഘട്ടത്തെക്കുറിച്ചു് ചിന്തിക്കുമ്പോൾ ഒരു വലിയ വിപ്ലവപ്രസ്ഥാനത്തിനു നേതൃത്വം കൊടുത്ത ആളാണെന്നുള്ളതിനു് സംശയമില്ല. പിന്നോക്ക സമുദായങ്ങളുടെ അന്നത്തെ നില വളരെ ശോചനീയമായിരുന്നു. അങ്ങനെയുള്ള ഒരു സമുദായത്തെ മുന്നണിയിൽകൊണ്ടുവന്നു് അഴിമതിക്കും അനീതിക്കും എതിരായ പോരാടി ഒരു പടനായകനെന്നുള്ളനിലയിൽ നേതൃത്വം കൊടുത്ത ശ്രീ. സി. കേശവൻറെ നിര്യാണം ദുഃഖകരമാണു്. ഞാനും എൻറെ പാർട്ടിയും ഈ മുന്നു ബഹുമാന വ്യക്തികളുടെയും നിര്യാണത്തിലുള്ള അനുശോചനത്തിൽ പങ്കുചേരുന്നു. അവരുടെ കുടുംബങ്ങളുടെ ദുഃഖത്തിലുംഞാനും എൻറെ പാർട്ടിയും പങ്കുചേരുന്നു.

**ശ്രീ. എം. എം. തോമസു്** : ബഹുമാനപ്പെട്ട സഭാ നേതാവും മറ്റു പാർട്ടി നേതാക്കന്മാരും അന്തരിച്ചുപോയ മുന്നു നേതാക്കന്മാരെസംബന്ധിച്ചു പ്രകടിപ്പിച്ച വികാരങ്ങളോടു് ഞാനും എൻറെ പാർട്ടിയും പൂർണ്ണമായും യോജിക്കുകയാണു്. ഡോ. സക്കീർഹുസൈൻ ഇൻഡ്യൻ രാഷ്ട്രീയ രംഗത്തു മാത്രമല്ല, സാമുഹ്യരംഗത്തും വളരെയേറെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഒരു മഹാനായിരുന്നു. അതുകൊണ്ടു് അദ്ദേഹം ഇൻഡ്യയിലെ ഏറ്റവും ഉന്നതമായ പദവിയിലേക്കു് എത്തിച്ചേരുകയുണ്ടായി. അദ്ദേഹം പുലർത്തിപോന്ന ആദർശങ്ങളും പ്രത്യേകിച്ചും വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചിടത്തോളം നമുക്കു വഴികാട്ടിയായിത്തീരട്ടെ എന്നു ഞാൻ ആശിക്കുകയാണു്.

അതുപോലെതന്നെ തിരുവിതാംകൂർ സ്വാതന്ത്ര്യ സമരകാലത്തു് ഒരു കൊടുങ്കാറ്റായിരുന്ന തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. കേശവൻ അവർകളും. ഇന്നത്തെ തലമുറയ്ക്കു അദ്ദേഹത്തെ യഥേഷ്ടിബഹുമാനങ്ങളോടുംകൂടി മാത്രമല്ലാതെ സ്മരിക്കുവാൻ സാധ്യമല്ല. കേരളരാഷ്ട്രീയചരിത്രത്തിൽ സുധീരമായ പങ്കു വഹിച്ചശേഷം അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിരിക്കുകയാണു്. അദ്ദേഹം ശ്രീപ.



LIBRARY ARCHIVES Kerala Legislative Assembly

കൊടുത്ത ആദർശങ്ങളും നമ്മുടെ മറ്റു പ്രവർത്തനങ്ങൾക്കു് പ്രചോദനം നൽകട്ടെ എന്നു ഞാൻ ആശിക്കുകയാണു്.

അതുപോലെതന്നെ സഖാവു് കുഞ്ഞാലി നമ്മുടെ ഒരു സഹപ്രവർത്തകനായിരുന്നു. ഏതാനും ആഴ്ചകൾക്കു മുൻപു് ഞാൻ അദ്ദേഹത്തെക്കണ്ടു് നിലമ്പൂർ പ്രദേശത്തെ കുടിയേറ്റക്കാരുടെ കാര്യം സംസാരിക്കുകയുണ്ടായി. ചില പരിപാടികളും ഞങ്ങളും തമ്മിൽ തീർച്ചപ്പെടുത്തിയിരുന്നു. അദ്ദേഹം ഇങ്ങനെ അകാലചരമം പ്രാപിക്കുമെന്നു് ഞാൻപ്രതീക്ഷിച്ചിരുന്നതേയില്ല. അദ്ദേഹത്തിന്റെ മരണം കേരളരാഷ്ട്രീയരംഗത്തെ ഒരു തീരാനഷ്ടമാണു്. പ്രത്യേകിച്ചും കുടിയേറ്റക്കാരെസംബന്ധിച്ചിടത്തോളം ഒരു തീരാനഷ്ടമാണെന്നാണു് എന്റെ അഭിപ്രായം. ഈ മൂന്നു മഹാന്മാരുടെയും നിര്യാണത്തിൽ ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വികാരവായ്പുകളോടു് ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണു്.

**Shri. U. P. Kunikullaya :** Sir, I also associate myself with the sentiments expressed by the hon. Speaker, the Chief Minister and other leaders of political parties. The death of Dr. Zakir Husain was unexpected, sad and sudden. Nobody had predicted that the end will come so soon. Dr. Husain was the first President to die while in Office. He was a great scholar, educationist, politician and a true son and patriot of India. In his election, we have seen how India is a secular country for he was a symbol of secularism which is the ideal for our whole country. By his death a vacuum has been created. I feel that the Gandhian era is coming to an end in India, and most of those who had been associated with Mahatma Gandhi are departing from the world one by one. It is really a great loss ; a great vacuum has been created which can never be filled up.

In the death of Shri Kunhali, I associate myself with the sentiments expressed in the House. In that we see a dangerous trend that is entering in the body politic of India. We cannot tolerate elimination of opponents by the use of guns. This must be put an end to immediately and it should be the beginning and end in itself.

With regard to Shri C. Kesavan, even though I am not very much well versed with his activities, the statements of other leaders regarding his achievements in life show that he is a true patriot and a soldier of our freedom struggle. Really it is a great loss for the State, in particular, and to the country in general.

I pray that their souls may rest in peace and God may give courage to the members of the bereaved families to bear the loss.

Thank you.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഈ മൂന്നു മഹാന്മാരുടെയും പേരിൽ ഇവിടെ പറഞ്ഞ കാര്യങ്ങളോടു ഞാനും യോജിക്കുന്നു. മഹാനായ ഡോ. സക്കീർഹുസൈന്റെ നിസ്വാർത്ഥ സേവനത്തിനു കിട്ടിയ അംഗീകാരമായിരുന്നു അദ്ദേഹത്തിന്റെ ഉന്നത പദവി എന്നുള്ള കാര്യം എല്ലാപേരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞങ്ങളെപ്പോലെയുള്ള ചെറുപ്പക്കാരിൽ അവ്യക്തമായി ഉണ്ടായിരുന്ന സ്വാതന്ത്ര്യപരമായ ആശയങ്ങൾക്കു രൂപം കൊടുക്കുന്നതിനു സഹായിച്ച ഒരു മികച്ച നേതാവെന്നുള്ള നിലയിലാണു് ശ്രീമാൻ സി. കേശവനെ ഞങ്ങൾ സ്മരിക്കുന്നതു്. അദ്ദേഹത്തിന്റെ ഇടിമുഴക്കംപോലെയുള്ള സ്വാതന്ത്ര്യപ്പോരാട്ടത്തിനുള്ള ഉജ്ജ്വലമായ ആഹ്വാനം

LIBRARY ARCHIVES Kerala Legislative Assembly

കേട്ടാണു് ഒരു മഹായോഗത്തിൽവച്ചു് അദ്ദേഹത്തെ ആദ്യമായി കാണാനിടയായ എന്നെപ്പോലെയുള്ള ചെറുപ്പക്കാർ അന്നു് സ്വാതന്ത്ര്യപ്രസ്ഥാനത്തിലേക്കു് കടന്നു വന്നതു്. ഇതുപോലെയുള്ള പല നേതാക്കന്മാരോടും ആദ്യം ഉണ്ടാകുന്ന ബഹുമാനം അവസാനം വരെ തുടർന്നു നിലനിർത്താൻ മനഃപൂർവ്വം നാം ശ്രമിച്ചാലും ചിലപ്പോൾ സാധ്യമല്ലാതെവരും. എന്നാൽ അതിൽനിന്നും വ്യത്യസ്തനായ ഒരു നേതാവായിരുന്ന ശ്രീമാൻ സി. കേശവൻ എന്നു പറയുന്നതിനു് എനിക്കു സന്തോഷമുണ്ടു്.

നമ്മുടെകൂടെ ഉണ്ടായിരുന്ന, ഈ സഭയിൽ ഇപ്പോഴും സംബന്ധിക്കേണ്ടിയിരുന്ന ശ്രീമാൻ കെ. കുഞ്ഞാലിയുടെ മരണത്തെ സംബന്ധിച്ചും ഇത്തരം സംഭവങ്ങളും ഇനി മേലിൽ ആവർത്തിക്കാതിരിക്കട്ടെ എന്നുള്ള കാര്യത്തെ സംബന്ധിച്ചും ഇവിടെയുണ്ടായ അഭിപ്രായപ്രകടനങ്ങളോടു് ഞാനും യോജിക്കുന്നു. എന്നാൽ ശ്രീമാൻ കുഞ്ഞാലിയുടെ മരണം ഒഴിവാക്കാമായിരുന്നുവെന്നു സമർത്ഥിച്ചു പറഞ്ഞുകേട്ട അഭിപ്രായപ്രകടനത്തിൽ എനിക്കു് വളരെയധികം ഖേദമുണ്ടു്. ശ്രീമാൻ അബു ഇവിടെ സൂചിപ്പിച്ചതുപോലെ ആർക്കെങ്കിലും തടയാൻ സാധിക്കുമായിരുന്ന ഒരു കാര്യമാണു് അതെന്നു് സർ, അങ്ങുപറയപ്പോലെതന്നെ ശ്രീ. കുഞ്ഞാലിയുടെ ജഡം കാണുന്നതിനുവേണ്ടി ആ സ്ഥലം സന്ദർശിക്കുകയും വെടിവയ്പു നടന്നസ്ഥലം പ്രത്യേകം പോയി കാണുകയും ചെയ്ത എന്നെപ്പോലെയുള്ള ആളുകൾക്കു് സ്മരിക്കുവാൻ പോലും സാധ്യമല്ല. ഒരാൾ ഒരു യോഗം കഴിഞ്ഞു് അർദ്ധരാത്രിയിൽ രണ്ടുപേരോടുകൂടി ജീപ്പിൽ കയറാൻ വേണ്ടി റോഡിൽ വന്നു നിൽക്കുക, അതിനുമുൻപു് തർക്കപരമായ എന്തെങ്കിലും സംഭവം തൽക്കാലം ആ പ്രദേശത്തു് ഉണ്ടാകാതിരിക്കുക, ജീപ്പിൽ കയറാൻ വേണ്ടി റോഡിൽ നിൽക്കുക ഈയൊരു സന്ദർഭത്തിൽ ശ്രീ. കുഞ്ഞാലിയുടെ നേരേ ടോർച്ചടിച്ചു് വെടിപൊട്ടിക്കുക, അപ്പോഴും അദ്ദേഹത്തെ രക്ഷിക്കാൻവേണ്ട ഏർപ്പാടു് ചെയ്തില്ല എന്നുള്ളതാണു് ഇവിടെ ധ്വനിപ്പിച്ചതു്. എന്നാൽ അങ്ങനെയൊരു ഏർപ്പാടു് ചെയ്യാൻ കഴിയുമോ എന്നുള്ളതിനെപ്പറ്റി സ്മരിക്കാൻപോലും എനിക്കു സാധിക്കുന്നില്ല. ഏതായാലും നിർഭാഗ്യകരമായ ഈ സംഭവത്തെച്ചൊല്ലി ഇത്തരം സംഭവങ്ങളും ഇനിയും ആവർത്തിക്കാതിരിക്കണമെന്നുള്ള ആഗ്രഹപ്രകടനം സാക്ഷാൽക്കരിക്കപ്പെടട്ടെ എന്നാശംസിക്കുന്നതോടൊപ്പംതന്നെ ഇതു് വളരെയധികം ആഴത്തിൽ വേരുന്നിക്കിടക്കുന്ന ഒരു ഗ്രഥാലോചനയുടെ സന്തതി ആണെന്നുകൂടി മനസ്സിലാക്കിക്കൊണ്ടു് ആ വേരു് നാമ്പെടുക്കുന്ന സ്ഥലത്തുവച്ചുതന്നെ പിഴുതെറിയുന്നതിനുള്ള പരിശ്രമം എല്ലാപേരുംകൂടി ആത്മാർത്ഥമായി നടത്തിയെങ്കിൽമാത്രമേ അതിനു സാധിക്കുകയുള്ളു എന്നുകൂടി ഓർമ്മിപ്പിക്കുകയാണു്. ഈ മൂന്നു മഹാന്മാരുടെയും സ്മരണയ്ക്കുമുന്നിൽ ഞാൻ തലകുനിയ്ക്കുന്നു.

മി സ്പീക്കർ : സഭയുടെ അഗാധമായ അനുശോചനം ഈ മൂന്നു മഹാന്മാരുടെയും സന്തപ്തകുടുംബങ്ങളെ ഞാൻ അറിയിക്കുന്നതാണു്. അവരോടുള്ള ബഹുമാനാർത്ഥം സഭ ഒരു നിമിഷം എഴുന്നേറ്റു നിൽക്കണം.

(The House stood in silence for two minutes as a mark of respect to the memory of the departed.)

മി സ്പീക്കർ : ഓർഡർ, ഓർഡർ. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ എട്ടുമണിക്കു് വീണ്ടും കൂടുന്നതുമാണു്.

The Assembly adjourned at 9. a. m. to meet again at 8. a. m. on Tuesday, the 5th August 1969.

LIBRARY ARCHIVES Kerala Legislative Assembly